No.O &M1-963/2012/CEA(2)

ചീഫ് എൻജിനിയറുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ്,
ഭരണവിഭാഗം,
തിരുവനന്തപുരം. തീയതി ; 19/01 /2012

## സർക്കുലർ

വിഷയം;-ജീവനക്കാര്യം.- പൊ.മ.വ. 2012 -ലെ പൊതുസ്ഥലം മാറ്റം -മാർഗ്ഗനിർദ്ദേശങ്ങൾ -സംബന്ധിച്ച്.

സൂചന;- 1) ജി.ഒ (പി) 13/2000/ഉ.ഭ.പ.വ. തീയതി 27-04-2000
2) ജി.ഒ (പി) 12/2004/ഉ.ഭ.പ.വ. തീയതി 10-09-2004
3) ഈ ഓഫീസിലെ 19-01-2012 ലെ ഇതേ നമ്പർ സർക്കുലർ

പൊതുമരാമത്ത് വകുപ്പിലെ 2012- വർഷത്തെ പൊതുസ്ഥലം മാറ്റത്തിന് സൂചന (3) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. അതിൻ പ്രകാരം സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിലേക്കായി വിവിധ വിഭാഗം ജീവനക്കാരുടെ സ്ഥലമാറ്റ അപേക്ഷകൾ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

1. സ്ഥലംമാറ്റ അപേക്ഷ നൽകാൻ ആഗ്രഹിക്കുന്ന ജീവനക്കാർ 19-01-2012 ലെ സർക്കുലർ [illegible] ഉള്ളടക്കം ചെയ്തിട്ടുള്ള നിശ്ചിത പ്രൊഫോർമയിൽ മാത്രം അപേക്ഷകൾ ഓഫീസ് മേലധികാരികൾ മുഖേന അതാത് എക്സിക്യൂട്ടീവ് എൻജിനീയർക്ക് സമർപ്പിക്കേണ്ടതാണ്.

2. എക്സിക്യൂട്ടീവ് എൻജിനീയർമാർ സ്ഥലമാറ്റഅപേക്ഷ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ജില്ലയിൽ ജോലി നോക്കുന്ന എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

3. അപേക്ഷകർ സ്ഥലമാറ്റ അപേക്ഷകൾ സൂപ്രണ്ടിംഗ് എൻജിനീയർമാർ മുഖേന മാത്രം സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ മുൻകൂർ പകർപ്പ് ഒരു കാരണവശാലും ചീഫ് എൻജിനീയർക്ക് നേരിട്ട് സമർപ്പിക്കുവാൻ പാടുള്ളതല്ല. ഇതിനു വിരുദ്ധമായി ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്

4. എക്സിക്യൂട്ടീവ് എൻജിനീയർമാർ തങ്ങളുടെ ആഫീസിൽ ലഭിക്കുന്ന അപേക്ഷകൾ തസ്തിക തിരിച്ച് സൂക്ഷ്മ പരിശോധന നടത്തി

